LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ ഒരുക്കൽ, ഷെഡ്ഡുകളുടെ നിർമ്മാണം മുതലായവ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റേറ്റ് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എറണാകുളം - സംഘം പുതുതായി ഏറ്റെടുത്ത മലയാറ്റൂർ വ്യവസായ എസ്റ്റേറ്റ് ഭൂമിക്ക് "ഇൻഡസ്ട്രിയൽ ഏരിയ ഡിക്ലറേഷൻ" ലഭ്യമായിട്ടില്ലാത്തതിനാൽ ടി എസ്റ്റേറ്റിൽ ഏതാനും യൂണിറ്റുകൾ അനുവദിക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുണ്ട്. മലപ്പുറം - പുലാമന്തോൾ പഞ്ചായത്തിലെ ചെമ്മലശ്ശേരി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ നിർമ്മാണം പൂർത്തിയായ 5 ഷെഡ്ഡുകൾ 2008 ലെ നെൽവയൽ തണ്ണീർത്തട സംരംക്ഷണ നിയമപ്രകാരം ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെട്ടതിനാൽ കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. ഇക്കാരണത്താൽ സംരംഭകർക്ക് ഷെഡ്ഡുകൾ അനുവദിക്കാൻ സാധിച്ചിട്ടില്ല. മറ്റു പന്ത്രണ്ടു ജില്ലകളിൽ ഈ സാഹചര്യം ഇല്ല.

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വടകര നിയോജക മണ്ഡലത്തിൽ ഏതെങ്കിലും ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നിലവിലുണ്ടോ; എങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

വടകര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ മിനി വ്യവസായ എസ്റ്റേറ്റുകളില്ല.

**വ്യവസായങ്ങളും തൊഴിലവസരങ്ങളും**

152 (1882) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൂടുതൽ വ്യവസായങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനും വ്യവസായികളുടെ പരാതികൾ വേഗത്തിൽ പരിഹരിക്കുന്നതിനും സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമ നിർമാണങ്ങൾ മുൻ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ പുതിയതായി കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച്, വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ‘ MSME Acknowledgement Certificate’ ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതും 50 കോടിയിൽ അധികം മുതൽമുടക്ക് വരുന്നതുമായ MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള ചട്ടങ്ങളിലും നിയമങ്ങളിലും കാലാനുസൃതമായ മാറ്റം ആവശ്യമെങ്കിൽ പഠനം നടത്തി ശിപാർശ സമർപ്പിക്കുന്നതിനായി 3 അംഗ വിദഗ്ദ്ധ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ചുനൽകുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തി Unified Land Lease Policy പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ച് നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിക്കുന്നത് അന്തിമ ഘട്ടത്തിലാണ്. സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പുമന്ത്രി ഇതിനകം 7 തവണ കൂടിക്കാഴ്ച നടത്തുകയും വ്യവസായ സംരഭകർ മുന്നോട്ടുവച്ചിട്ടുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ സ്വീകരിക്കുകയുമുണ്ടായി. നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ ഇവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (Statutory Grievance Redressal Committee) രൂപീകരിക്കുന്നതിനുള്ള കരട്

ബില്ല് ബഹുമാനപ്പെട്ട മന്ത്രിസഭ അംഗീകരിച്ചുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പരിപാടിയിൽ വിവിധ വ്യവസായ പ്രമുഖരുമായി സംവദിക്കുകയും അവരുടെ നിർദ്ദേശങ്ങൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനകം എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചു കഴിഞ്ഞിട്ടുണ്ട്.

### വ്യവസായ സൗഹൃദാന്തരീക്ഷം വളർത്തുന്നതിന് നടപടി

153 (1883) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം വളർത്തുന്നതിനും കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയും തൊഴിൽ ലഭ്യതയും ഉറപ്പുവരുത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയും എല്ലാ ജില്ലകളിലും ഒരു പ്രത്യേക ഉല്പന്നാധിഷ്ഠിത വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ വ്യവസായ ഉന്നമന പദ്ധതി (പി.എം.എഫ്.എം.ഇ.പി.)-യിൽപ്പെടുത്തി നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് " ഒരു ജില്ല ഒരു ഉത്പന്നം" എന്ന പദ്ധതി. ഓരോ ജില്ലയിലും പ്രാമുഖ്യമുള്ള ഒരു ഉത്പന്നത്തെ തെരെഞ്ഞെടുത്ത് അതിനെ വളർത്തിയെടുക്കൊണ്ടുവരാനാണ് ശ്രമം. മരച്ചീനി, ചക്ക, അരി ഉത്പന്നം, കൈതച്ചക്ക, സുഗന്ധവ്യഞ്ജനം, ഏത്തക്കായ, നാളീകേരം, പാലുത്പന്നങ്ങൾ, വെളിച്ചെണ്ണ തുടങ്ങി 9 ഉത്പ്പന്നങ്ങൾ കേരളത്തിലെ 14 ജില്ലകളിലായി ഒരു ജില്ല ഒരു ഉത്പന്നം പദ്ധതി പ്രകാരം കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. ഇതിനായി പ്രോജക്റ്റ് ചെലവിന്റെ 35% പരമാവധി 10 ലക്ഷം രൂപ വരെ 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സബ്സീഡിയായി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly